**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 697** **28-01-2026 - ൽ മറുപടിയ്ക്ക്**

**വോൾട്ടേജ് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജക മണ്ഡലത്തിൽ രാമപുരം കൊണ്ടാട് പ്രദേശവാസികൾക്ക് വോൾട്ടേജ് ക്ഷാമംമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | പാലാ നിയോജക മണ്ഡലത്തിലെ രാമപുരം കൊണ്ടാട് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 185 മീറ്റർ സിംഗിൾഫേസ് ലൈൻ ത്രീഫേസ് ആക്കുകയും പുതുതായി 220 മീറ്റർ ത്രീഫേസ് ലൈൻ വലിയ്ക്കുകയും ചെയ്യേണ്ടതായുണ്ട്. കൂടാതെ ക്രോസ് കൺടിയായി കടന്നുപോകുന്ന സിംഗിൾഫേസ് ലൈൻ റോഡിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നിലവിലുള്ള 138 മീറ്റർ സിംഗിൾഫേസ് ലൈൻ അഴിച്ചുമാറ്റി, പുതുതായി 48 മീറ്റർ സിംഗിൾഫേസ് ലൈൻ വലിക്കുകയും വേണം. ടി പ്രവൃത്തി ചെയ്യുന്നതിന് 10,53,026/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം പരിഹരിച്ചിട്ടില്ലെങ്കിൽ സമയബന്ധിതമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പ്രസ്തുത വർക്ക് 2025-26 സാമ്പത്തിക വർഷത്തെ ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്തിട്ടുണ്ട്. നാലുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ